# അനുതാപം

ആശായാം  സമുദ്രത്തിന്നാഴമെത്രയുണ്ടെന്ന്
ലേശവുമറിയാതെ  നീന്തിഞാൻ കളിക്കവേ
താപമേറുമാരമ്യ കരങ്ങൾ വീശിയെന്നെ
താപത്താൽ കുളിർതീർത്തു ഭാനുമാനുയരുമ്പോൾ

മൂടിനാനസിതാഭ്ര മാലയാൽ ദിനേശനെ
തേടി ഞാനിനിയെന്തു മാർഗ്ഗമെന്നുഴന്നഹോ
കാണുവാൻ കഴിഞ്ഞില്ല മേഘങ്ങൾ നിമിത്തമാ
ഭാനുമാൻ വസിക്കുന്നൊരമ്പര പ്രദേശവും

സമ്മദ സമുദ്രത്തിലെങ്ങുമെൻ സന്താപാശ്രു
വൻമഴ കൊണ്ടുതന്നെ പ്രളയം ഭവിച്ചുതേ
എങ്ങനാണാഴമേറും ആഴിയിൽ മുങ്ങിച്ചെന്നെൻ
തിങ്ങിന സന്താപത്തെയകറ്റാൻ സാധിക്കുന്നു

ആസുവർണ്ണങ്ങളാകും കരപല്ലവങ്ങളിൽ
ഹാ സുഖിച്ചെത്രനാളെൻ ജീവിതം നയിച്ചുഞാൻ
അത്തിരുമാറിൽ ചേർത്തു ഗാഢമായശ്ലേഷിച്ചു
മുത്തം തന്നൊരു സ്വാദ്ധ്വീ രത്നമേ നമസ്കാരം

താവക രൂപമെന്റെ കണ്ണുകൾ കാണുന്നുണ്ട്
താവക സ്മരണയാൽ നെടുവീർപ്പിടുന്നു ഞാൻ
നിന്നുപദേശ പൂക്കൾ മാ ലയായ് കൊരുത്തു ഞാൻ
ഖിന്നതയെന്യേ മുക്തി നേടുവാനണിയുന്നു

നീയത്രേ സുപാലനം ചെയ്കതും ദിവാനിശം
സായൂജ്യ മാർഗ്ഗമോതി വാസരം നയിച്ചതും
എന്തിനു ഞാൻ കേഴുന്നിതമ്മേ നിൻ വിയോഗത്തിൽ
സന്തതം ശിവൻ നാഗ നിർവൃതിയേകുമീശൻ.